Minister for Finance & Revenue **[Sri. A. J. John]:**

(*a*) Yes.

(*b*) The working of the institution did not justify the continuance of the grant.

പ്രാഥമികവിദ്യാഭ്യാസം

*൩൪൫. (൩) ശ്രീ. കണ്ണാറഗോപാലപ്പണിക്കർ: താഴെപറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) പ്രാഥമികവിദ്യാഭ്യാസം നിർബന്ധിതമാക്കിത്തുടങ്ങിയതു് എന്നു മുതലാണെന്നു ദയവായി പറയാമോ;

(ബി) തിരുവിതാംകൂർ-കൊച്ചി സ്റ്റേറ്റിൽ ഏതു താലൂക്കുകളിൽ പ്രാഥമികവിദ്യാഭ്യാസം നിർബന്ധിതമാക്കിയിട്ടുണ്ടു്; അവ ഏതെല്ലാം;

(സി) ൧൯൪൯-൫൦ വിദ്യാഭ്യാസവർഷത്തിൽ ഏതെങ്കിലും താലൂക്കിൽ പ്രാഥമികവിദ്യാഭ്യാസം ഏർപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടു്;

(ഡി) ൧൯൫൦, ൧൯൫൧ വിദ്യാഭ്യാസവർഷത്തിൽ ഏതെങ്കിലും താലൂക്കുകളിൽ പ്രാഥമികനിർബന്ധിത വിദ്യാഭ്യാസം ഏർപ്പെടുത്തണമെന്നു ഗവൺമെൻറ് വിചാരിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം താലൂക്കുകളിലെന്നു പറയുവാൻ ദയവുണ്ടാകുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ:

(എ) ൧൯൫൧-൫൨ സ്കൂൾ വർഷംമുതൽ.

(ബി) ൯ താലൂക്കുകളിൽ.

(൧) തോവാള.
(൨) അഗസ്തീശ്വരം.
(൩) കൽക്കുളം.
(൪) വിളവംകോട്.
(൫) നെടുമങ്ങാട്.
(൬) തിരുവനന്തപുരം
(൭) കുന്നത്തൂർ.
(൮) പത്തനാപുരം.
(൯) പറവൂർ.

(സി) ഈ വിദ്യാഭ്യാസവർഷത്തിലില്ല. നിർബ്ബന്ധിതവിദ്യാഭ്യാസം നടപ്പിലാക്കിയിരിക്കുന്ന താലൂക്കുകളിലുള്ള സ്കൂളുകളുടെകാര്യത്തിൽ കൺസാലിഡേഷൻ നടക്കേണ്ടതായുള്ളതുകൊണ്ടു്.

(ഡി) ഈ കാര്യത്തെപ്പറ്റി തീരുമാനിച്ചിട്ടില്ല.

ശ്രീ. കെ. ഭാർ. ഇലങ്കത്തു: ഇടയ്ക്കുള്ള നെയ്യാറ്റിൻകര താലൂക്കിൽ ഇതു ഏർപ്പെടുത്താതെ വിട്ടുകളഞ്ഞതു എന്തുകൊണ്ടാണു?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: എനിക്കു നിശ്ചയമില്ല.

പ്രാഥമികവിദ്യാഭ്യാസം

*൩൪൬. (൪) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: താഴെപറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) തിരുവിതാംകൂർ-കൊച്ചിസ്റ്റേറ്റു മുഴുവൻ പ്രാഥമിക വിദ്യാഭ്യാസം നിർബന്ധിതമാക്കണമെന്നു് ഗവൺമെൻറ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര കൊല്ലംകൊണ്ടു് ആ ഉദ്ദേശ്യം നടപ്പിലാക്കണമെന്നു് ഗവൺമെണ്ടു് ചിചാരിക്കുന്നുവെന്നു് ദയവായി പറയുമോ;

(സി) പുതുതായി പ്രാഥമികസ്കൂളുകളും ഹൈസ്കൂളുകളും അനുവദിക്കുവാൻ പാടില്ലെന്നു ഗവൺമെണ്ടു് വല്ല തീരുമാനവും ചെയ്തിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ:

(എ) ഉണ്ടു്.

(ബി) പറയാറായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇല്ല. എന്നാൽ തൊട്ട അടുത്തു കിടക്കുന്ന സ്കൂളുകളുടെ സൗകര്യമാക്കി വേണം പുതിയ പള്ളിക്കൂടങ്ങൾ തുടങ്ങേണ്ടതെന്നു ഗവൺമെന്റു വിചാരിക്കുന്നതിനാൽ പുതിയ പള്ളിക്കൂടങ്ങൾക്കുള്ള അപേക്ഷ ആ സൗകര്യമുള്ള ഉദ്യോഗസ്ഥന്മാർക്കുകൂടി അയച്ചു കൊടുക്കണമെന്നു നിർദ്ദേശിച്ചിട്ടുണ്ട്.

ശ്രീ. സബാസ്റ്റ്യൻ തോപ്പിൽ: ഗവൺമെന്റിന്റെ മുമ്പാകെ ഇതിലേയ്ക്കു ഒരു ദശവൽസരപദ്ധതിയില്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: [illegible] പാസായ പ്രൈമറിഎഡ്യുക്കേഷൻ ആക്ടിന്റെ പ്രിയാംബിളിൽ പത്തുകൊല്ലത്തിനകം കമ്പൽസറി എഡ്യുക്കേഷൻ സാവധാനത്തിൽ നടത്തണമെന്നു സ്റ്റേറ്റിനു ഉദ്ദേശമുണ്ടെന്നു പറഞ്ഞിട്ടുണ്ട്.

ശ്രീ. സബാസ്റ്റ്യൻ തോപ്പിൽ: ആ ഉദ്ദേശം നടപ്പിൽവരുത്തണമെന്നു ഗവൺമെന്റിനു താല്പര്യമുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഉണ്ട്

ശ്രീ. എ. കെ. പാച്ചുപിള്ള: ഓരോവർഷത്തിലും ഇന്നതു ചെയ്യണമെന്നു ഒരു ആശയമോ, അല്ലെങ്കിൽ പ്രോഗ്രാമോ ഇതുസംബന്ധിച്ചു ഗവൺമെന്റിനുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിനു ഉത്തരം ഞാൻ ഇന്നലെ പറഞ്ഞു കഴിഞ്ഞു. പത്തുകൊല്ലത്തിനകം പ്രാഥമിക നിർബ്ബന്ധിതവിദ്യാഭ്യാസം ഈ സ്റ്റേറ്റിൽ നടപ്പിലാക്കണമെന്നാണു ഗവൺമെൻറു ഉദ്ദേശിക്കുന്നതു, അതിലേയ്ക്കു ഒരു നിശ്ചിതമായ പ്ലാൻ ഇതുവരെ ഉണ്ടായികഴിഞ്ഞിട്ടില്ല.

ശ്രീ. ഇ. പി. പൌലോസ്: പ്രാഥമികവിദ്യാഭ്യാസത്തെ പരിപ്പിക്കുന്നതിനു ഗവൺമെണ്ടു പ്രൈവറ്റു സ്കൂളുകൾക്കു എന്തെങ്കിലും സഹായം ചെയ്യുന്നുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഗ്രാൻറു കൊടുക്കുന്നുണ്ടു.

ശ്രീ. ഇ. പി. പൌലോസ്: ഗ്രാൻറു എത്ര ശതമാനമാണെന്നു പറയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: എല്ലാ അദ്ധ്യാപകന്മാരുടേയും ശമ്പളത്തിൽ [illegible] രൂപയും ഡീയർനസു അലവൻസിൽ [illegible] രൂപയും ഗ്രാൻറായി ഗവൺമെണ്ടിൽ നിന്നും കൊടുക്കുന്നതിനു അനുവദിച്ചിട്ടുണ്ടു.

ശ്രീ. ഇ. പി. പൌലോസ്: ബിൽഡിംഗ് ഗ്രാൻറു കൊടുക്കുന്നുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിനു വ്യവസ്ഥയില്ല.

ശ്രീ. ഇ. പി. പൌലോസ്: അങ്ങനെയില്ലെങ്കിൽ ഇതു രൂപാ ബിൽഡിംഗ് ഗ്രാൻറായികൊടുക്കാമെന്നു ഒരു ക്ലിപ്തമായ വ്യവസ്ഥ ചെയ്യാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതു പാളിസിയെ സംബന്ധിച്ചു ഒരു ചോദ്യമാണു. പെട്ടെന്നു മറുപടി പറയാൻ സാധിക്കുകയില്ല.

സാഹിബു ബഹദൂർ എ. എം. മുസ്സഹാ: ബിൽഡിംഗ് ഗ്രാൻറു അനുവദിച്ചിട്ടുള്ള പല സ്ഥലത്തും ഇതുവരെ ഗ്രാൻറു കൊടുത്തിട്ടില്ലെന്നറിയാമോ?

ശ്രീ പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങനെയുള്ള കാര്യം ഗവൺമെണ്ടു ദൃഷ്ടിയിൽപ്പെട്ടിട്ടില്ല.

സാഹിബു ബഹദൂർ എ. എം. മുസ്സഹാ: പത്തനാപുരം താലൂക്കിൽ ഇങ്ങനെ ബിൽഡിംഗ് ഗ്രാൻറു അനുവദിച്ചതു കൊടുത്തിട്ടുണ്ടോ എന്നന്വേഷിക്കാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിൽ ശ്രദ്ധിക്കാം.

സാഹിബു ബഹദൂർ എ. എം. മുസ്സഹാ: പ്രാഥമികവിദ്യാഭ്യാസനിയമപ്രകാരം നടത്തുന്ന പലസ്കൂളുകളിലും ആവശ്യമുള്ള ഉപകരണങ്ങൾ ഇല്ലാതെ അദ്ധ്യാപകന്മാരും അദ്ധ്യേതാക്കളും തറയിൽ ഇരിക്കുന്നതായി അറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: പ്രാഥമികവിദ്യാഭ്യാസമേഖലകളിൽ പല കാര്യങ്ങളും ഇനിയും ചെയ്യാനുണ്ടെന്നറിയാം.

LIBRARY ARCHIVES Kerala Legislative Assembly